## *എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്*
## *(ഹാജർ: സി.എ.സന്തോഷ് )*

വിഷയം:- പൊതുവിദ്യാഭ്യാസം – ജീവനക്കാര്യം – പ്രൈമറി സ്ക്കൂൾ പ്രധാനാദ്ധ്യാപകരുടെ സ്ഥലം മാറ്റം 2018–19 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.2.18 തീയതിയിലെ എ5/96000/2017/ ഡിപിഐ നമ്പർ സർക്കുലർ
2. അദ്ധ്യാപകരുടെ അപേക്ഷ.
3. അനൗദ്യോഗിക കത്ത് നം . ജി3/15826/2018 തീയതി 19/09/2018

## *ഉത്തരവ് നം. എ5/6637/2018 തീയതി:29.09.2018.*

2018–19 വർഷത്തെ പ്രൈമറി സ്ക്കൂൾ പ്രധാനാദ്ധ്യാപകരുടെ തസ്തികയിലെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷയുടെയും പരാമർശം (3 ) കത്തിലെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന അദ്ധ്യാപകരെ അവരുടെ പേരിനുനേരെ സൂചിപ്പിച്ചിരിക്കുന്ന വിദ്യാലയങ്ങളിലേയ്ക്ക് സ്ഥലംമാറ്റം നൽകികൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | സ്ഥലം മാറ്റം ലഭിച്ച സ്കൂൾ | സ്ഥലംമാറ്റത്തിന് ആസ്പദമായ കാരണം | സ്ഥലംമാറ്റം പ്രാബല്യത്തിൽ വരുന്ന തീയ്യതി |
|---|---|---|---|---|---|
| 1 | അല്ലി റ്റി.കെ | ഗവ. എൽ. പി. സ്കൂൾ എളന്തിക്കര | ഗവ. യു. പി. സ്കൂൾ വലമ്പൂർ | അപേക്ഷ | സ്ഥലംമാറ്റ ഉത്തരവ് തീയതി മുതൽ |
| 2 | ബേബി എ. ആർ | ഗവ. യു. പി. സ്കൂൾ കുമ്പളങ്ങി | ഗവ. എൽ. പി. സ്കൂൾ എളന്തിക്കര | അപേക്ഷ | സ്ഥലംമാറ്റ ഉത്തരവ് തീയതി മുതൽ |
| 3 | സുരേഷ് ടി ഗോപാൽ | ഗവ. യു. പി. സ്കൂൾ വലമ്പൂർ | ഗവ. യു. പി. സ്കൂൾ കുമ്പളങ്ങി | ഭരണപരമായ കാരണങ്ങളാൽ | സ്ഥലംമാറ്റ ഉത്തരവ് തീയതി മുതൽ |

സ്ഥലംമാറ്റം ലഭിച്ച പ്രധാനാദ്ധ്യാപകൻ കൃത്യമായി ബന്ധപ്പെട്ട രജിസ്റ്ററുകളും മറ്റും നിയമാനുസൃതം കൈമാറ്റം ചെയ്തതിനുശേഷം മാത്രമേ വിടുതൽ ചെയ്യാവു. ആയതിനു വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെ വിവരം അറിയിക്കേണ്ടതാണ്.

സ്ഥലം മാറ്റം യാതൊരു കാരണവശാലും റദ്ദ് ചെയ്യുന്നതല്ല. പ്രധാനാദ്ധ്യാപകൻ ഒക്ടോബർ 5 -ാം തീയതിയ്ക്കോ അതിനു മുൻപോ ജോലിയിൽ പ്രവേശിക്കേണ്ടതും ടി വിവരം ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകൻ ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം

Scanned by CamScanner

സ്വീകർത്താവ്:

1. എല്ലാ ഗവ. സ്ക്കൂൾ പ്രധാനാദ്ധ്യാപകർക്കും (www.transferandpostings.in. എന്ന വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർ
3. സ്റ്റോക്ക് ഫയൽ.

OFFICE OF THE DEPUTY DIRECTOR (E) KOCHI-30 ERNAKULAM

Scanned by CamScanner